പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 4489

04.02.2014-ൽ മറുപടി നൽകേണ്ടത്

ഭൂരഹിതരില്ലാത്ത കേരളം പദ്ധതി പ്രകാരം ഭൂമി ലഭിച്ച പട്ടികജാതി/പട്ടികവർഗ്ഗക്കാർ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.പി. ശ്രീരാമകൃഷ്ണൻ | ശ്രീ.അടൂർ പ്രകാശ് (റവന്യൂവും കയറും വകുപ്പ് മന്ത്രി) |

(എ) ഭൂരഹിതരില്ലാത്ത കേരളം പദ്ധതി പ്രകാരം ഇതിനകം എത്ര പേർക്ക് പട്ടയം നൽകി; ഇതിൽ പട്ടികജാതിക്കാർ എത്ര; പട്ടിക വർഗ്ഗകുടുംബങ്ങൾ എത്ര; വ്യക്തമാക്കാമോ;

(എ) "ഭൂരഹിതരില്ലാത്ത കേരളം പദ്ധതി 2015" -ന്റെ ഒന്നാംഘട്ടമായി താഴെപ്പറയുന്ന ഒമ്പത് ജില്ലകളിൽ പട്ടയ വിതരണം നടത്തിയിട്ടുണ്ട്.

| ജില്ല | ഭൂമി അനുവദിച്ച ഗുണഭോക്താക്കളുടെ എണ്ണം | പട്ടികജാതി കുടുംബങ്ങൾ | പട്ടികവർഗ്ഗ കുടുംബങ്ങൾ |
| --- | --- | --- | --- |
| തിരുവനന്തപുരം | 3181 | 1352 | 7 |
| കൊല്ലം | 683 | 103 | 0 |
| പത്തനംതിട്ട | 506 | 151 | 5 |
| ആലപ്പുഴ | 256 | 62 | 9 |
| കോട്ടയം | 1309 | 211 | 34 |
| എറണാകുളം | 1449 | 326 | 34 |
| മലപ്പുറം | 849 | 204 | 8 |
| കോഴിക്കോട് | 1523 | 115 | 3 |
| കണ്ണൂർ | 11033 | 799 | 73 |

കണ്ണൂർ ജില്ലയിലെ എസ്.റ്റി. വിഭാഗത്തിൽപ്പെട്ട 73 ഭൂരഹിത കുടുംബങ്ങൾക്ക് റ്റി.ആർ.ഡി.എം. പദ്ധതി പ്രകാരം ഒരേക്കർ ഭൂമി വീതം അനുവദിച്ചിട്ടുണ്ട്. ഇതിൽ 68 പേർക്ക് വിതരണം ചെയ്തു. ബാക്കി അഞ്ച് പേരുടെ പേരിൽ പ്ലോട്ട് തിരിച്ചിട്ടിട്ടുണ്ട്.

(ബി) അപേക്ഷകരിൽ അതത് വില്ലേജിൽ തന്നെ ഭൂമി ലഭിച്ചവരെത്ര; താലൂക്ക് പരിധിയിൽ ഭൂമി ലഭിച്ചവരെത്ര; ജില്ലയിൽ തന്നെ എത്ര പേർക്ക് ഭൂമി ലഭിച്ചു; ജില്ലക്ക് പുറത്ത് ഭൂമി ലഭിച്ചവരെത്ര;

(ബി) പ്രസ്തുത പദ്ധതിയിൽ ഗുണഭോക്താക്കൾക്ക് സ്വന്തം വില്ലേജിൽ നിന്നുള്ള ഭൂമി നൽകുന്ന തരത്തിലുള്ള നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്. സ്വന്തം വില്ലേജിൽ ഭൂമി ലഭ്യമാകാത്ത അവസരത്തിൽ സമീപ വില്ലേജിൽ നിന്നോ, അതേ ജില്ലയിലെ മറ്റ് താലൂക്കുകളിൽ നിന്നോ ആണ് ഇപ്പോൾ ഭൂമി നൽകി വരുന്നത്. പുറത്തുള്ള ജില്ലകളിൽ നിന്ന് ഒന്നാംഘട്ടത്തിൽ ഭൂമി വിതരണം ചെയ്തിട്ടില്ല.

ഒന്നാംഘട്ടത്തിൽ നൽകിയിട്ടുള്ള പട്ടയങ്ങളുടെ വില്ലേജ്, താലൂക്ക് ജില്ലാതല വിവരം താഴെ ചേർക്കുന്നു:-

| ജില്ല | വില്ലേജ് | താലൂക്ക് | ജില്ല | ആകെ |
|---|---|---|---|---|
| തിരുവനന്തപുരം | 724 | 2457 | 0 | 3181 |
| കൊല്ലം | 683 | 0 | 0 | 683 |
| പത്തനംതിട്ട | 447 | 59 | 0 | 506 |
| ആലപ്പുഴ | 245 | 11 | 0 | 256 |
| കോട്ടയം | 526 | 783 | 0 | 1309 |
| എറണാകുളം | 1329 | 120 | 0 | 1449 |
| മലപ്പുറം | 821 | 22 | 0 | 849 |
| കോഴിക്കോട് | 540 | 977 | 6 | 1523 |
| കണ്ണൂർ | 552 | 2559 | 7921 | 11032 |

68 ആദിവാസി കുടുംബങ്ങൾക്ക് ഒരു ഏക്കർ വീതം ലഭിക്കത്തക്ക വിധം ഭൂമി വിതരണം ചെയ്തു. അഞ്ച് പേരുടെ പ്ലോട്ട് തിരിച്ചിട്ടിരിക്കുകയാണ്. നടപടികൾ നടന്നു വരികയാണ്.

(സി) പട്ടികജാതി /പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്നവർക്ക് അവരുടെ ജില്ലക്ക് പുറത്ത് ഭൂമി നൽകിയിട്ടുണ്ടോ; വിശദാംശം നൽകാമോ?

(സി) "ഭൂരഹിതരില്ലാത്ത കേരളം പദ്ധതി 2015" പ്രകാരം ജില്ലയ്ക്ക് പുറത്ത് ഭൂമി നൽകിയിട്ടില്ല.

സെക്ഷൻ ഓഫീസർ